കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

2016-2017

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി13-1049/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.
തീയതി : 05.08.2017
ഫോൺ : 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്- 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി13-1049/17 തീയതി. 05.08.2017

# ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്

# 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.11.2016 മുതൽ 21.7.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19അന്വേഷണക്കുറിപ്പുകൾ നൽകിയതിന് പൂർണ്ണമായും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.07.2017 മുതൽ 31.07.2017 വരെ | ശ്രീ. എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ. എം. പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ടി. എം.റോയ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പി. സി. രാജിമോൾ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. തങ്കമണി ഗോപിനാഥ് | 01.04.2016മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സി.കെ .ഷിബു | 01.04.2016മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. മഞ്ജു രതികുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 2 | വികസന കാര്യം | ശ്രീ.സന്തോഷ്. എം.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. സന്ധ്യാ ശശിധരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ. നവാസ് | 01.04.2016 മുതൽ 31.03.2017 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. അനിത<br>ശ്രീമതി. റെജി.ജി.വി | 01.04.16 മുതൽ 03.10.16വരെ<br>04.10.16 മുതൽ 31.03.17വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.സുരേഷ്.പി.പണിക്കർ | 01.04.16 മുതൽ 31.03.17 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സ്വപ്ന സലിം | 01.04.16 മുതൽ 31.03.17 വരെ |
| 4 | വി.ഇ.ഒ, കണക്കൂർ | ശ്രീമതി. പ്രസീദ.കെ.എസ് | 01.04.16 മുതൽ 31.03.17 വരെ |
| 5 | വി.ഇ.ഒ, മണ്ണഞ്ചേരി | ശ്രീ. ഹരികുമാർ<br>ശ്രീ. ബാബു | 01.04.16 മുതൽ 16.07.16 വരെ<br>18.07.16 മുതൽ 31.03.17 വരെ |
| 6 | വി.ഇ.ഒ, എച്ച്.ക്യൂ | ശ്രീ. ഹാഷിഫ് | 01.04.16 മുതൽ 31.03.17 വരെ |
| 7 | എച്ച്.എം, യു.പി.എസ് | ശ്രീ. വേണു. പി. ജി | 01.04.16 മുതൽ 31.03.17 വരെ |
| 8 | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, | ഡോ.ജോ മാർട്ടിൻ കുഞ്ചറിയ | 01.04.16 മുതൽ 31.03.17 വരെ |
| 9 | അസി. എഞ്ചിനീയർ | ശ്രീ. എം.എൻ. ഹരിചന്ദ്രൻ | 01.04.16മുതൽ 31.03.17 വരെ |
| 10 | മെഡിക്കൽ ഓഫീസർ<br>(ആയൂർവേദം) | ഡോ. ജയേഷ് | 01.04.16മുതൽ 31.03.17 വരെ |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. ലീന ഡെന്നീസ്<br>ശ്രീ. സാജൻ<br>ശ്രീമതി. സൂര്യ | 01.04.16മുതൽ 04.06.16 വരെ<br>04.06.16മുതൽ 12.01.17 വരെ<br>13.01.17മുതൽ 31.03.17 വരെ |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. സലില | 01.04.16മുതൽ 31.03.17 വരെ |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഗീതാകുമാരി<br>ശ്രീമതി. ജയ. പി | 01.04.16മുതൽ 25.07.16 വരെ<br>26.07.16മുതൽ 31.03.17 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1. | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകം - തനത് വരുമാനത്തിൽ കുറവ് |
| 3 | 2-2. | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 4 | 2-3 | ലേലം- നടത്തിപ്പിലെ അപാകതകൾ |
| 5 | 2-4 | ടെണ്ടർഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല. |
| 6 | 2-5 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല |
| ഭാഗം – 3 | | |
| 7 | 3-1 | പദ്ധതി നിർവ്വഹണം- ലഭിച്ച തുകയിൽ 1.54 കോടി ചെലവഴിച്ചില്ല |
| 8 | 3-2 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്ക് വിഹിതം നൽകൽ - തനത് ഫണ്ടിന് പകരം വികസന ഫണ്ട് ചെലവഴിച്ചു. |
| 9 | 3-3. | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - രേഖകൾ ഹാജരാക്കിയില്ല. |
| 10 | 3-4. | സമഗ്ര നെൽകൃഷി വികസനം - വിതരണ രേഖകൾ ഹാജരാക്കിയില്ല. |
| 11 | 3-5. | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ – പ്രവൃത്തിയുടെ പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. |
| 12 | 3-6. | ചെറുവേലി - പൂഞ്ഞിക്കാവ് റോഡ് മെറ്റലിംഗ് - കൺവീനർക്ക് അധിക തുക നൽകി. |
| 13 | 3-7. | പഞ്ചായത്ത് ഓഫീസ് സീലിംഗ് - കൺവീനർക്ക് അധിക തുക നൽകി. |
| 14 | 3-8. | ബിറ്റുമിൻ കൈപ്പറ്റിയ ഗുണഭോക്തൃസമിതി കൺവീനർമാർ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. |
| 15 | 3-9. | പ്രാഥമിക പരിസ്ഥിതി സംരക്ഷണം- കരാർ വ്യവസ്ഥകൾ പാലിച്ചില്ല, പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല. |
| 16 | 3-10. | മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-11 | കന്നുകുട്ടി പരി പാലനം പ്രോജക്ട് നടപ്പാക്കിയില്ല. |
| 18 | 3-12. | കൈപ്പറ്റ്, വിനിയോഗ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. |
| 19 | 3-13 | മഴക്കാലപൂർവ്വ ശുചീകരണം രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. |

| | | |
|---|---|---|
| 20 | 3-14 | പഞ്ചായത്തിൽ നിന്നും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല. |
| 21 | 3-15 | വിഷുക്കാല പച്ചക്കറി വികസനം - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ. |
| 22 | 3-16 | ഹരിയാലി പദ്ധതി - വർഷങ്ങളായി നിർജ്ജീവമായ ബാങ്ക് അക്കൗണ്ടിൽ 31.16 ലക്ഷം ശേഷിക്കുന്നു. |
| 23 | 3-17. | പൈക്ക - പദ്ധതി നടപ്പാക്കാതെ 7.70 ലക്ഷം രൂപ പാഴാകുന്നു. |
| 24 | 3-18. | ഇ.എം.എസ് ഭവന പദ്ധതി- ബാങ്ക് അക്കൗണ്ടിൽ 7.22 ലക്ഷം ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നു. |
| 25 | 3-19. | പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് (എസ്.സി) സൈക്കിൾ – പദ്ധതി നടത്തിപ്പിൽ ഏകോപനമില്ല. |
| 26 | 3-20. | ഊരുകൂട്ടം തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്കായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. |
| ഭാഗം – 4 | | |
| 27 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.03.16 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 147826200 | 145627820 |
| വാർഷിക കണക്ക് പ്രകാരം | 101034415 | 87013843 |

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ഇ.എഫ്.എം.എസ്. മുഖേന ലഭ്യമായ തുക, ഡി.ബി.റ്റി.യായി വിതരണം ചെയ്തിട്ടുള്ള പെൻഷനുകൾ എന്നിവ കൂടി കൂട്ടുമ്പോൾ യഥാർത്ഥ വരവ് പ്രതീക്ഷിത വരവിനേക്കാൾ 6 കോടിയോളം അധികമാണെന്ന് കാണുന്നു. ദീർഘ വീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കാത്തതിന്റെ അപാകമാണിത്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 24519077 | 21111912 | 86.10% |
| വികസനഫണ്ട് എസ്.സി.പി. | 6036840 | 4811150 | 79.69% |
| വികസനഫണ്ട് ടി.എസ്.പി. | 188253 | 106945 | 56.80% |
| സംരക്ഷണഗ്രാന്റ് റോഡ് | 5314329 | 3367490 | 63.36% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5741589 | 4869725 | 84.81% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13750509 | 10171163 | 73.96% |
| ലോക ബാങ്ക് സഹായം | 7200933 | 2841314 | 39.45% |
| ബി ഫണ്ട് | 75368770 | 75368770 | 100% |
| എം.എൻ.ആർ.ഇ.ജി.എസ് | 74419449 (6449/- രൂപ മുന്നിരിപ്പ് ഉൾപ്പടെ) | 67502437 | 90.7% (നീക്കിയിരുപ്പ് 6917012- രൂപ) |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 196 | 97324714 | 149 | 52230681 | – | 47 | 76% |

## 1-5 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.56ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5689434 | 8295576 | 2606142 | 45.80% |
| നികുതിയേതര വരവുകൾ | 2498485 | 1072069 | (-)1426416 | (-)57.09% |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 1277546 | 150678 | (-)1126868 | (-)88.20% |
| ആകെ | 9465465 | 9518323 | 52858 | 0.56% |

## 1-6 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ 5499 ഗുണഭോക്താക്കൾക്കായി 75368770/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1622820 | 897 |
| കർഷകതൊഴിലാളി പെൻഷൻ | 8535380 | 715 |
| വിധവാപെൻഷൻ | 13061700 | 948 |
| വാർദ്ധക്യകാലപെൻഷൻ | 44383830 | 2320 |
| വികലാംഗപെൻഷൻ | 6526860 | 541 |
| അവിവാഹിതപെൻഷൻ | 210000 | 7 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 1028180 | 71 |
| ആകെ | 75368770 | 5499 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.7.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 75355/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം

പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). ഡി ആന്റ് ഒ രജിസ്റ്റർ, വാർഡ് തല ട്രെഡേഴ്സ് ലിസ്റ്റ് എന്നിവയും കൃത്യമായി തയ്യാറാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.7.2017 | 6/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.6.17 | 12-13 മുതൽ 16-17 വരെ | ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1. വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകം - തനത് വരുമാനത്തിൽ കുറവ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203, 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഏതൊരു ഗ്രാമ പഞ്ചായത്തും അതാത് പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടങ്ങൾക്കും സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ പരിധിക്ക് വിധേയമായി ഒരു ചതുരശ്ര മീറ്ററിന് ഈടാക്കേണ്ട നികുതി, പഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് ഒരു കെട്ടിടത്തിൻെറ അടിസ്ഥാന വസ്തുനികുതി നിശ്ചയിക്കുന്നത്. മണ്ണഞ്ചേരി പഞ്ചായത്തില വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം 26.09.2013 ന് 2013ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യത്തോടെ നിലവിൽ വന്നു. നികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) *വസ്തുനികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാന നഷ്ടം*

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും,സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 50/- മുതൽ 70/-രൂപ വരെ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിലാണ്. എന്നാൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളുടെ നികുതി, ചതുരശ്ര മീറ്ററിന് 60/-രൂപ നിരക്കിലാണ്

നിർണ്ണയിച്ചിരിക്കുന്നത്. ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | പേരും അഡ്രസ്സും, | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | ഇളവ് (%) | വർദ്ധന (%) | അടിസ്ഥാന വസ്തു നികതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 6/45A | ഷിഹാബ്, തെക്കേ കുളവേലിൽ | 159.16 | - | 20% (റോഡ്: 5മീറ്ററിൽ കൂടുതൽ) | 13370/- (159.16*70+ 2228) | 15376/- (13370+1337 (ST)+669(LC)) | 13179/- | 2197/- |
| 15/77B | നസറുദ്ദീൻ, വാലൻചിറ | 154.72 | - | 20% (റോഡ്: 5മീറ്ററിൽ കൂടുതൽ) | 12997/- (154.72*70+ 2166) | 14947/- (12997+1300 (ST)+650(LC)) | 12811/- | 2136/- |
| 1/760A | വിശ്വനാഥൻ, പാച്ചാംകുളങ്ങര | 175.44 | 20% (മേഖല- ദ്വിതീയം -10%, കുറഞ്ഞതരം മേൽക്കൂര- 10%) | - | 9825/- (175.44*70- 2456) | 11299/- (9825+983 (ST)+491(LC) | 9687/- | 1612/- |
| 14/385A | ഷാജഹാൻ, അപ്പൂരുവെളി | 116.22 | 10% (കുറഞ്ഞതരം മേൽക്കൂര- 10%) | 20% (റോഡ്: 5മീറ്ററിൽ കൂടുതൽ) | 8949/- (116.22*70- 814+1627) | 10291/- (8949+895 (ST)+447(LC) | 8823/- | 1468/- |
| 3/199A | സാദിഖ്, തോണ്ടിശ്ശേരി | 149.26 | 10% (കുറഞ്ഞതരം മേൽക്കൂര- 10%) | 20%(റോഡ്: 5മീറ്ററിൽ കൂടുതൽ) | 11494/- (149.26*70+ 1045+2090) | 13218/- (11494+1149 (ST)+575(LC) | 11331/- | 1887/- |
| 5/75A | കബീർ.പി.എച്ച്, പരാക്കശ്ശേരിൽ | 129.75 | - | 20% (റോഡ്: 5മീറ്ററിൽ കൂടുതൽ) | 10900/- (129.75*70+ 1817) | 12535/- (10900+1090 (ST)+545(LC)) | 10745/- | 1790/- |
| 5/75B | “ | “ | - | “ | 10900/- (129.75*70+ 1817) | 12535/- (9083+1817+ 1090 (ST)+545(LC)) | 10745/- | 1790/- |
| ആകെ | | | | | | | | **10744/-** |

(2) *കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.*

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിങ്ങളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഷോപ്പിങ് മാളുകളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 90/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ വലിയ കുറവ് വന്നിരിക്കുന്നു. 2016-17ൽ അസസ്സ് ചെയ്ത ഇത്തരം കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ് നം. / കെട്ടിട നം. | പേരും അഡ്രസ്സും | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം |
|---|---|---|---|
| 1 | 19/354A, 354C, 354D, 354E, 354F, 354G, | നവാസ്, തെക്കേച്ചിറയിൽ | 444.88 ച.മീ |
| 2 | 7/250A, 250B, 250C, 250D, 250E, 250F, 250G, 250J | സുമ. സി. ആർ, അമ്പനാകുളങ്ങര മഠം | 365.5 ച.മീ |
| 3 | 19/196A, 196B, 196C, 196D, 196E, 196F, 196G | മാജിതാമോൾ, മാക്കിയിൽ | 304.14 ച.മീ |
| 4 | 18/289A to J | അബ്ദുൾ റഷീദ്, കുന്നപ്പള്ളി | 207 ച.മീ |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഈ കെട്ടിടങ്ങളുടെ നികുതി മുൻകാല പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് കെട്ടിട ഉടമകൾക്ക് ഡിമാൻറ് നോട്ടീസ് നല്കിയിട്ടുള്ളതായി അറിയിക്കുകയും അവയുടെ പകർപ്പുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പലിശ ഉൾപ്പെടെ തുക ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-2. <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവി സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉള്ളതായി കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | സ്ഥാപനം | അർദ്ധ വർഷ വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയ നികുതി | രസീത് നം/ തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ബിനു. ആർ, ഓവർസിയർ | എൽ.എസ്.ജി.ഡി സെക്ഷൻ, മണ്ണഞ്ചേരി | 151188 ($1^{st}$ half) | 1250/- | 1000/- | 11605103182/ 27.8.16 | 250/- |

<table>
<tr><td>2</td><td rowspan="2">വി.ഡി.പുരുഷോത്തമൻ പിള്ള</td><td rowspan="2">സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കലവൂർ</td><td>125148 (1st half)</td><td>1250/-</td><td>1000/-</td><td>11605103279/ 01.9.16</td><td>250/-</td></tr>
<tr><td>3</td><td>129038 (2nd half)</td><td>1250/-</td><td>1000/-</td><td>11605500042/ 28.2.17</td><td>250/-</td></tr>
<tr><td>4</td><td>ഓമന. ടി</td><td>ഗവ.യു.പി.എസ്, തമ്പകച്ചുവട്</td><td>78686 (2nd half)</td><td>750/-</td><td>600/-</td><td>11605706577/ 21.2.17</td><td>150/-</td></tr>
<tr><td colspan="7">ആകെ</td><td>900/-</td></tr>
</table>

കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന KSEB കലവൂർ, എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, 2016-17 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുറവ് വന്ന തുക പലിശ സഹിതം അടയ്ക്കുന്നതിന് അറിയിപ്പ് നല്കിയിട്ടുള്ളതായും KSEB ക്ക് സ്ഥാപന നികുതി അടയ്ക്കുന്നതിന് കത്ത് നല്കിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 ലേലം- നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്ത് പരിധിയിലുള്ള തോട് പുറംപോക്കിൽ മറിഞ്ഞു വീണ ആഞ്ഞിലി മരം ലേലം ചെയ്യുവാൻ തീരുമാനിച്ചതു പ്രകാരം അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ തടിയുടെ വാല്യേഷൻ 21815/-രൂപയായി നിർണ്ണയിക്കുകയും, തടിയുടെ വിലയും 14.5% വാറ്റും ഉൾപ്പെടുന്ന തുകയുടെ 5% വന വികസന നികുതിയായി ഒടുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 4.1.16 ,16.2.16 എന്നീ തീയതികളിൽ ലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല. പിന്നീട് 24.5.16 ൽ വീണ്ടും പുനർലേലം നടത്തുകയും ശ്രീ താഹിർ,ചൂഴാട്ടുവെളി എന്നയാൾക്ക് 7000/- രൂപയ്ക്ക് ലേലം ഉറപ്പിച്ച നൽകുകയും ചെയ്തു. എന്നാൽ ലേലം സ്ഥിരപ്പെടുത്തി നല്കിയതു സംബന്ധിച്ച കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല. 13.6.16 ൽ ടിയാൻ തുക ഒടുക്കിയിട്ടുണ്ട്, എന്നാൽ VAT ഈടാക്കിയിട്ടില്ല.

വനം വകുപ്പ് 21815/- രൂപ വാല്വേഷൻ നിശ്ചയിച്ച മരം 7000/- രൂപയ്ക്ക് നല്കിയതിനും VAT ഈടാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, തോടിന് കുറുകെ വീണുകിടന്ന മരത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തങ്ങി നിന്ന് രൂക്ഷമായ മാലിന്യ പ്രശ്നം ഉണ്ടായതു മൂലം പഞ്ചായത്ത് ചെലവിൽ തടി കരയ്ക്ക് കയറ്റി സംരക്ഷിക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് വനം വകുപ്പ് നിശ്ചയിച്ചതിലും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചത് എന്നറിയിച്ചിട്ടുണ്ട്. കൂടാതെ ടിയാനിൽ നിന്നും VAT ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ലേലം കൊണ്ട വ്യക്തിയിൽ നിന്നും VAT തുകയായ 1015/- രൂപ പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-4 ടെണ്ടർഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവ് വെച്ചില്ല.

2016-17 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവുവെക്കേണ്ടതായതിനാൽ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | ടെണ്ടർ സമർപ്പിച്ച വരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ തുക |
|---|---|---|---|---|
| 1 | കുഴിപ്പോട് ഭജന മഠം റോഡ് മെറ്റലിംഗ് | 4 | 1470 | 5880 |
| 2 | പേഴാവള്ളി എൻ.എസ്.എസ് കരയോഗം റോഡ് ടാറിംഗ് | 2 | 2625 | 5250 |
| 3 | അമ്പലമുക്ക് തെരുവിൽ കിഴക്കേപറമ്പ് റോഡ് ടാറിംഗ് | 2 | 2100 | 4200 |
| 4 | എലിപ്പനം കായലോരം റോഡ് ടാറിംഗ് | 2 | 2625 | 5250 |
| 5 | പറത്തറ വരകാടി ചേന്നനാട് റോഡ് ടാറിംഗ് | 3 | 1680 | 5040 |
| 6 | പെരുന്തുരുത്ത്കരി പാടശേഖരം ചാലുകൾക്ക് ആഴം കൂട്ടൽ | 3 | 1470 | 4410 |
| 7 | തൈവെളി ചങ്ങംപോട്ട് റോഡ് ടാറിംഗ് | 2 | 2100 | 4200 |
| | ആകെ | | | 34230 |

## 2-5 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കെ.പി.ഡബ്ല്യൂ.എ. കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2007-08 മുതൽ 2016-17 വരെ 1219540/- രൂപ നിക്ഷേപമിനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണം- ലഭിച്ച തുകയിൽ 1.54 കോടി ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 6.27 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ കേവലം 4.72കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്ത് പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 1.54കോടിയും നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 24519077 | 21111912 | 3407165 | 86.10% |
| വികസന ഫണ്ട് - SCP | 6036840 | 4811150 | 1225690 | 79.69% |
| വികസന ഫണ്ട് - TSP | 188253 | 106945 | 81308 | 56.80% |
| മെയിന്റ. ഗ്രാന്റ് - റോഡ് | 5314329 | 3367490 | 1946839 | 63.36% |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 5741589 | 4869725 | 871864 | 84.81% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13750509 | 10171163 | 3579346 | 73.96% |
| പെർഫോർമൻസ് ഗ്രാന്റ് | 7200933 | 2841314 | 4359619 | 39.45% |
| ആകെ | 62751530 | 47279699 | 15471831 | 75.34% |

35556582/-രൂപ അടങ്കലിൽ 97 മരാമത്ത് വേലകൾ ആവിഷ്കരിച്ചെങ്കിലും 17163546/- രൂപ ചെലവഴിച്ച് 56പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്.

ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ ഈ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്ക് വിഹിതം നൽകൽ - തനത് ഫണ്ടിന് പകരം വികസന ഫണ്ട് ചെലവഴിച്ചു.

എച്ച്.എം, ഗവ. യു.പി.എസ്, തമ്പകച്ചുവട് നടപ്പാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റിന് വിഹിതം നൽകൽ (പ്രോജക്ട്നം 89/2017) എന്ന പദ്ധതിയ്ക്കുവേണ്ടി തൻവർഷം വികസന ഫണ്ടിൽ നിന്നും 50000രൂപ (ബിൽനം 6/2016-17/ 28.2.2017) പിൻവലിച്ച് നൽകിയിട്ടുണ്ട്. സ.ഉ.(സാധാ)നം 3/2012/ തസ്വഭവ തീയതി 2.1.2012 അനുസരിച്ച് എസ്.പി.സിയുടെ പ്രവർത്തനങ്ങൾക്കായി 50,000 രൂപയിൽ കവിയാത്ത തുക കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ടി ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ജൂലൈ മുതൽ നവംബർ വരെയുള്ള ക്യാമ്പ് ദിവസങ്ങളിൽ ഉച്ചഭക്ഷണം നൽകിയ വകയിൽ 50600രൂപ സ്കൂൾ ഹെഡ്മിസ്ട്രസിൽ നിന്നും കൈപ്പറ്റിയതായി അലിയൻസ് കാറ്ററിംഗ് സർവ്വീസ് കലവൂർ എന്ന സ്ഥാപനം അതിന്റെ ലെറ്റർ ഹെഡിൽ എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. കൃത്യമായ ചെലവ് രേഖകൾ ഹാജരാക്കാതെ തുക അനുവദിച്ചത് ശരിയായ നടപടിയല്ല. വിവിധ പദ്ധതികൾക്കായി വൻതോതിൽ തനത് ഫണ്ട് ചെലവഴിക്കേണ്ടി വന്നതിനാലാണ് ടി പദ്ധതിയ്ക്ക് വികസന ഫണ്ട് വിനിയോഗിച്ചതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രസ്തുത മറുപടി തൃപ്തികരമല്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 50,000/- രൂപ തനത് ഫണ്ടിൽ നിന്നും വികസന ഫണ്ടിലേയ്ക്ക് തിരികെ

ഒടുക്കേണ്ടതാണ്.

## 3-3. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - രേഖകൾ ഹാജരാക്കിയില്ല.

എച്ച്.എം, ഗവ. യു.പി.എസ്, തമ്പകച്ചുവട് നടപ്പാക്കിയ പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് (പ്രോജക്ട് നം 103/2017) എന്ന പദ്ധതിയ്ക്കായി 46,300 രൂപ (ബിൽനം 2/2016-17/ 28.2.2017) ചെലവഴിച്ച് സ്മാർട്ട് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ ലാപ്പ് ടോപ്പുകളിൽ ഒന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജീസിൽ പഠിക്കുന്ന അനുജ രവി എന്ന കുട്ടിയ്ക്ക് നൽകിയിട്ടുണ്ട്. രണ്ടാമത്തെ ലാപ്പ് ടോപ്പ് വാഴച്ചിറ വിജയൻ മകൾ വൈഷ്ണവി എന്ന കുട്ടിയ്ക്ക് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി കുട്ടിയുടെ അപേക്ഷയും മറ്റ് അർഹതാരേഖകളായ ജാതി സർട്ടിഫിക്കറ്റ്, കോഴ്സ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് മുതലായവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രണ്ടാമത്തെ ലാപ്പ് ടോപ്പ് നൽകിയ കുട്ടിയുടെ വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണ് എന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. രേഖകളുടെ അഭാവത്തിൽ 23,150 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4. സമഗ്ര നെൽകൃഷി വികസനം - വിതരണ രേഖകൾ ഹാജരാക്കിയില്ല.

സമഗ്ര നെൽകൃഷി വികസനം (പ്രോജക്ട് നം. 186/2017) എന്ന പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും കിലോഗ്രാമിന് 40 രൂപ നിരക്കിൽ 9996 kg നെൽവിത്ത് വാങ്ങുന്നതിനായി 3,99,600/- രൂപ (ബിൽ നം. 01/2016-17/ 31.1.2017) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3000 kg നെൽവിത്ത് തെക്കേക്കര പാടശേഖര സമിതിയ്ക്കും 6996 kg നെൽവിത്ത് പെരുന്തുരുത്ത്കരി പാടശേഖര സമിതിയ്ക്കും നൽകിയതായിട്ടാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പാടശേഖര സമിതികളിൽ നിന്നുള്ള കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പാടശേഖര സമിതികൾ കൈപ്പറ്റിയതായി പറയുന്ന നെൽവിത്ത് പ്രസ്തുത പാടശേഖര സമിതികളിൽ ഉൾപ്പെടുന്ന കർഷകർക്ക് അവരുടെ കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി വീതിച്ച് നൽകിയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പാടശേഖര സമിതികൾ നെൽവിത്ത് കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കുകയുണ്ടായി. എന്നാൽ കർഷകർ നെൽവിത്ത് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്താൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ആയതിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

കർഷകർക്ക് അവരുടെ കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് 2,40,000/- രൂപയും കുമ്മായം, രാസവളം എന്നിവ വാങ്ങിയതിന് സബ്സിഡി നൽകുന്നതിന് 3,61,821/- രൂപയും നൽകുന്നതിനായി വികസന ഫണ്ടിൽനിന്നും ബിൽ നം. പ്രകാരം 6,01,821/- രൂപ പിൻവലിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേര്, സ്ഥലത്തിന്റെ വിസ്തീർണ്ണം, തുക, ബാങ്ക് അക്കൗണ്ട് നമ്പർ മുതലായവയുള്ള സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്തത് തെളിയിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. ആയതിനാൽ എല്ലാവർക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂലിച്ചെലവ് വളം സബ്സിഡികൾ അക്കൗണ്ട് വഴി നൽകുമ്പോൾ ഇതുസംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് കൂടി ഹാജരാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തിയുടെ പൂർത്തീകരണം, വിനിയോഗ

<u>സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.</u>

1. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്. സി കോളനികളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 225/2017) എന്ന പദ്ധതി പ്രകാരം 1, 11 വാർഡുകളിലെ എസ്.സി കോളനികളിലേയ്ക്ക് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിന് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 1,82,535/- രൂപ (ബിൽ നം. 41/2016-17/ 30.3.2017) വൈദ്യുതി ബോർഡ് മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പിലാക്കുന്നതിന് ചേർത്തല ഇലക്ട്രിക് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 57026414342, എസ്.ബി.റ്റി, ചേർത്തല ശാഖ). എന്നാൽ നാളിതുവരെ എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്രട്ടറിയും തമ്മിൽ പ്രവൃത്തി പൂർത്തിയാക്കുന്നതു സംബന്ധിച്ച് കരാർ ഒപ്പിട്ടിട്ടില്ല. തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കരാർ വെയ്ക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. അതുപോലെ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ് സി കോളനികളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 16/2017) എന്ന മറ്റൊരു പദ്ധതി പ്രകാരം വിവിധ എസ് സി കോളനികളിലേയ്ക്ക് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിന് 12,35,760/- രൂപ (ബിൽ നം 15/2016-17/ 21.11.2016) വൈദ്യുതി ബോർഡ് ചേർത്തല ഇലക്ട്രിക് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ (നം. പി.എൽ2/2016-17/ 14.11.2016) പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 15.3.2017 ആണെങ്കിലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ടി പദ്ധതികൾക്കായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുള്ള 14,18,295/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

2. സെക്രട്ടറി തൻവർഷം നടപ്പിലാക്കിയ ആനകുത്തിപ്പാലം – വലിയ കലവൂർ ബണ്ട് മാടയാംതോട് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 59/2017) എന്ന പദ്ധതിയ്ക്കായി 1,98,265/- രൂപയും (ബിൽ നം. 10/2016-17/ 15.11.2016) വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 170/2017) എന്ന പദ്ധതിയ്ക്കായി 5,58,093/- രൂപയും (ബിൽ നം. 19/2016-17/ 3.3.2017) വൈദ്യുതി ബോർഡ് ചേർത്തല ഇലക്ട്രിക് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബിയുമായി ഒപ്പിട്ട കരാർ പ്രകാരം പ്രോജക്ട് നം. 59/2017 പ്രകാരമുള്ള പ്രവൃത്തി 15.3.2017ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രോജക്ട് നം. 174/2017 പ്രകാരമുള്ള പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.12.2017 ആണ്. ടി പദ്ധതികൾക്കായി വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുള്ള 7,56,358/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-6. <u>ചെറുവേലി - പൂഞ്ഞിക്കാവ് റോഡ് മെറ്റലിംഗ് - കൺവീനർക്ക് അധിക തുക നൽകി.</u>

പ്രോജക്ട് നം. - 112/17

കൺവീനർ - വി.അപ്പൻ

ബിൽ നം. - 61/16-17/31.3.17 – 295515/-

അളവ് പുസ്തകം - 38/17

പ്രവൃത്തി മൂല്യം - 299318/-

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ ചെറുവേലി - പൂഞ്ഞിക്കാവ് റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയതിലെ അപാകം മൂലം കൺവീനർക്ക് അധിക തുക നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് ബുക്ക് പ്രകാരം കണക്കാക്കിയ തുക | അനുവദിക്കാവുന്ന തുക |
|---|---|---|
| പ്രവൃത്തി മൂല്യം | 299318 | 299318 |
| (-)ഓവർ ഹെഡ് ചാർജ് അധികം നൽകിയത് (2.273%) | 6803 | 6803 |
| ആകെ | 295515 | 292515 |

പ്രസ്തുത പ്രവൃത്തിക്കായി ആകെ ചെലവഴിക്കാവുന്ന തുക 292515/- രൂപയാണ്. എന്നാലിതിനു പകരം 295515/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/29.7.17) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധിക തുക നൽകിയത് ബോദ്ധ്യപ്പെട്ടതായും ടി തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 3000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-7. പഞ്ചായത്ത് ഓഫീസ് സീലിംഗ് - കൺവീനർക്ക് അധിക തുക നൽകി.

പ്രോജക്ട് നം. - 123/17

കൺവീനർ - നൗഷാദ്

ബിൽ നം. - 16/16-17/21.2.17 – 172556/-

അളവ് പുസ്തകം - 2/17

പ്രവൃത്തി മൂല്യം - 172556/-

പഞ്ചായത്ത് ഓഫീസ് സീലിംഗ് പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്ത ഗുണഭോക്തൃ സമിതിയുടെ 13.1.17 ലെ യോഗത്തിൽ ടി പ്രവൃത്തി ജിപ്സം ഉപയോഗിച്ചുള്ള സീലിംഗ് വർക്കായതിനാൽ ഗുണഭോക്തൃ സമിതിയെകൊണ്ട് നേരിട്ട് ചെയ്യുവാൻ ബുദ്ധിമുട്ടുള്ളതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി ചെയ്യിക്കുവാൻ തീരുമാനിച്ചു. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭിച്ച മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് (170000/-) ക്വാട്ട് ചെയ്ത ആലപ്പുഴയിലെ ഇറ്റാലിയൻസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 20.1.17 ലെ ഗുണഭോക്തൃ സമിതി യോഗം അംഗീകരിച്ച് വർക്ക് ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കുകയും കമ്മറ്റിയുടെ 6.3.17 ലെ കണക്കും റിപ്പോർട്ടും അവതരണത്തിൽ ക്വട്ടേഷൻ പ്രകാരം സ്ഥാപനത്തിന് നൽകിയ 170000/- രൂപയുടെ ചെലവ് അംഗീകരിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് ബുക്കിൽ പ്രവൃത്തിയുടെ ആകെ മൂല്യം 172556/- രൂപ നിർണ്ണയിക്കുകയും ടി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതിയുടെ കണക്കു പ്രകാരമുള്ള ആകെ ചെലവ്, അളവ് ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം ഇവയിൽ കുറവായ തുക ഏതാണോ അതാണ് അനുവദിക്കാവുന്നത്. എന്നാലിവിടെ

ഗുണഭോക്തൃസമിതിയുടെ കണക്ക് പ്രകാരമുള്ള യഥാർത്ഥ ചെലവ് പരിശോധിക്കാതെ അളവു ബുക്ക് പ്രകാരമുള്ള തുക നൽകിയതു മൂലം 2556/- രൂപ കൺവീനർക്ക് അധികമായി നൽകി.

പ്രസ്തുത പ്രവൃത്തി ഗുണഭോക്തൃ സമിതിയെകൊണ്ട് നേരിട്ട് ചെയ്യുവാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ വിവരം യഥാസമയം ഭരണസമിതിയെ അറിയിച്ച് മത്സര സ്വഭാവത്തിലുള്ള ടെണ്ടർ ക്ഷണിച്ച് നടപടിക്രമങ്ങൾ പാലിച്ചുവേണമായിരുന്നു പ്രവൃത്തി നടത്താൻ. എന്നാലിവിടെ അത്തരത്തിലുള്ള നടപടി ക്രമങ്ങളൊന്നും പാലിക്കാതെ ക്വട്ടേഷൻ പ്രകാരമാണ് പ്രവൃത്തി നടപ്പാക്കിയത്. അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/28.7.17) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധിക തുക നൽകിയത് ബോദ്ധ്യപ്പെട്ടതായും ടി തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 2556/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-8. ബിറ്റുമിൻ കൈപ്പറ്റിയ ഗുണഭോക്തൃസമിതി കൺവീനർമാർ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ബിൽ നം. 42-51/28.3.17 - 565460/-

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ റോഡ് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനായി 565460/- രൂപ അസിസ്റ്റന്റ് എഞ്ചിനിയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. ഇതോടൊപ്പം തനത്ഫണ്ടിൽ നിന്നും 126214/- രൂപയും ചേർത്ത് ആകെ 691674/- രൂപ ബിറ്റുമിൻ വാങ്ങുന്നതിനായി സെക്രട്ടറി താഴെ പറയും വിധം നൽകിയിട്ടുണ്ട്.

| ക്രമ നം. | തീയതി | നൽകിയ തുക | സ്ഥാപനം | പരാമർശം |
|---|---|---|---|---|
| 1 | 3.5.17 | 284364 | ഹിന്ദുസ്ഥാൻ കോളാസ് ലിമി. കൊച്ചി | അക്കൗണ്ട് ട്രാൻസ്ഫർ |
| 2 | 3.5.17 | 407310 | ബി.പി.സി.എൽ | |
| | ആകെ | 691674 | | |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 102 ബാരൽ ബിറ്റുമിൻ (692014/-) ലഭിച്ചത് (5.5.17, 10.5.17, 15.5.17) സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൺവീനർമാർ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തുകയോ, തീയതി വെയ്ക്കുകയോ ചെയ്തിട്ടില്ല. ബിറ്റുമിൻ കൈപ്പറ്റിയതായി തീയതി വെയ്ക്കാത്ത ഒരു കൈപ്പറ്റ് രസീതു മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഗുണഭോക്തൃസമിതി കൺവീനർമാർ ബിറ്റുമിൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതിയിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6/28.7.17) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തികൾ നിലവിൽ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-9. പ്രാഥമിക പരിസ്ഥിതി സംരക്ഷണം- കരാർ വ്യവസ്ഥകൾ പാലിച്ചില്ല, പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ഡി.ഡി നം. - 566959/9.4.15 - 245000/- രൂപ

പ്രാഥമിക പരിസ്ഥിതി സംരക്ഷണത്തിനായി പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും വകുപ്പിൽ നിന്നും അനുവദിച്ച ധനസഹായമുപയോഗിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. മത്സ്യ/ കക്കാ താവളങ്ങൾ രൂപീകരിച്ച് മത്സ്യ/ കക്കാ സമ്പത്ത് വർദ്ധിപ്പിക്കുക, തടാക സംരക്ഷണ ഗ്രൂപ്പുകൾ രൂപീകരിക്കുക, മത്സ്യബന്ധനത്തിൽ നൂതന പരിശീലനം നൽകുക, വാട്ടർ ക്വാളിറ്റി നിലനിർത്താൻ പഠിപ്പിക്കുക, മത്സ്യത്തൊഴിലാളികൾക്ക് ബോധവത്ക്കരണം നടത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയ്ക്കായി ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത ഏക ഗ്രാമപഞ്ചായത്താണിത്.

പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും വകുപ്പിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം പ്രസ്തുത വകുപ്പിന്റെ ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ 23.3.2015 ൽ കരാർ ചമയ്ക്കുകയും പദ്ധതിയുടെ അടങ്കൽ തുകയായ 245000/- രൂപ 9.4.2015 ൽ പഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ പ്രകാരം നൽകുകയാണ് ചെയ്യുന്നത്. തുക അനുവദിച്ച വകുപ്പിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശത്തിലും, ഗ്രാമപഞ്ചായത്തുമായി ചമച്ച കരാറിലും ഡി.ഡി നൽകിയ തീയതി മുതൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധന പ്രകാരം പ്രവൃത്തി 8.10.2015 നുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വേമ്പനാട്ടു കായലിലെ 5 സ്ഥലങ്ങളിലായി 5 ഗ്രൂപ്പുകൾ രൂപീകരിച്ച് 5 മത്സ്യത്താവളങ്ങൾ നിർമ്മിച്ച് ഉത്ഘാടനവും തുടർന്ന് ശില്പശാലയും നടത്തിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നതുപോലെ കക്കാ റീലേയിംഗ്, മത്സ്യബന്ധനത്തിനുള്ള പരിശീലനം, വാട്ടർ ക്വാളിറ്റി നിർണ്ണയം, വാട്ടർ ക്വാളിറ്റി നിലനിർത്തൽ എന്നീ പ്രവർത്തനങ്ങൾ നാളിതുവരെ നടപ്പാക്കിയിട്ടില്ല. പദ്ധതിയ്ക്കായി നാളിതുവരെ 182355/- രൂപ (2015-16 ൽ 114800/-, 2016-17 ൽ 67555/- ) ചെലവഴിച്ചിട്ടുണ്ട്.

കരാർ വ്യവസ്ഥ പ്രകാരം 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 2 വർഷങ്ങൾക്കുശേഷവും പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വിവരം പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും വകുപ്പിൽ അറിയിച്ച് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് വാങ്ങുകയോ അല്ലാത്തപക്ഷം തുക പലിശ സഹിതം തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്. അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/31.7.17) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും കാലാവധി ദീർഘിപ്പിച്ചു വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 3-10. മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

ആയുർവ്വേദ ആശുപത്രി, ഹോമിയോ ആശുപത്രി എന്നിവയ്ക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ലഭിച്ച മരുന്ന് തുക | ശേഷിക്കുന്ന മരുന്നിന്റെ വില | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് | 300000<br>200000 | 334208 | 165792 | 1/16-17/18.10.16<br>4/16-17/ 22.2.17 |

| | | | | | |
|---|---|---|---|---|---|
| 2 | ഹോമിയോ ആശുപത്രിക്ക് മരുന്ന് | 200000<br>49589<br>50411 | 200000 | 100000 | 2/16-1/22.11.16<br>5/16-17/ 15.3.17<br>6/16-17/ 15.3.17 |
| | ആകെ | 800000 | 534208 | 265792 | |

ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭിക്കുന്നതിനായി ഹോംകോ, ഔഷധി എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്ന് ലഭിച്ചാലുടൻ ആഡിറ്റിൽ അറിയിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെയായും മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിനായി മുൻകൂറടച്ച 265792/- രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ആഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 കന്നുകുട്ടി പരിപാലനം പ്രോജക്ട് നടപ്പാക്കിയില്ല.

കന്നുകുട്ടി പരി പാലനം എന്ന പ്രോജക്ട് നടത്തിപ്പിനായി വെറ്ററിനറി സർജൻ ബിൽ നം. 1/10-3-2017 പ്രകാരം 3 ലക്ഷം രൂപ പിൻവലിച്ച് 48 ഗുണഭോക്താക്കൾക്ക് 6250/- വീതം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി. എന്നാൽ ഇതുവരെ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. വെറ്ററിനറി സർജന്റെ 24-6-17ലെ 159/16-ാം നമ്പർ കത്തുപ്രകാരം മണ്ണഞ്ചേരി വെസ്റ്റ് ക്ഷീരസഹകരണ സംഘം A180(D) യെ ഈ പദ്ധതി പ്രകാരമുള്ള കാലിതീറ്റ വിതരണത്തിന് തെരഞ്ഞെടുക്കണമെന്ന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ നടപടികൾ ഒന്നും ആരംഭിച്ചിട്ടില്ല. പ്രോജക്ട് നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12. കൈപ്പറ്റ്, വിനിയോഗ രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് നായ നിയന്ത്രണ പരിപാടിയ്ക്കായി (പ്രോജക്ട് നം. 202/2017) ജില്ലാ പഞ്ചായത്തിന് നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 2,00,000/- രൂപ (ബിൽ നം. 25/2016-17/ 3.3.2017) പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് ജില്ലാ പഞ്ചായത്തിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ല. അതുപോലെ ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 മഴക്കാലപൂർവ്വ ശുചീകരണം രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന വാർഡിലെ സാനിട്ടേഷൻ സമിതിക്ക് പണം നൽകിയെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയില്ല.

1) വൗച്ചർ നം. 264-6/16 പ്രകാരം വാർഡ് 19 ലേക്ക് 15000/- രൂപ (ചെക്ക് നം. 10602/10-6-16)

2) വൗച്ചർ നം. 73 -4/2016 പ്രകാരം വാർഡ് 19 ലേക്ക് 5000/- രൂപ (ചെക്ക് നം. 10489 /21-4-16)

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ മുകളിൽ കാണിച്ചിട്ടുള്ള 20000/- രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 പഞ്ചായത്തിൽ നിന്നും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല.

1. *അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നില്ല.*

   പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007, പൊ.വി.1.08.2007 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. 2016-17 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ടി ഇനത്തിൽ വരവില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 7അൺ - എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതായി തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ - എയ്ഡഡ് സ്കൂളുകളിൽ നിന്നും ഫിറ്റ്നെസ് ഫീ ഈടാക്കി സർട്ടിഫിക്കറ്റ് നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

2. *അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.*

   തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 31055 /ഡി.സി.2 /2011 തിയതി 22.03.2011 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ എല്ലാ വർഷവും മെയ് 10 നകം വാടക കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്നവ ഉൾപ്പടെയുള്ള എല്ലാ അംഗൻവാടികളിലും സന്ദർശനം നടത്തി മെയ് 30 നകം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ കെട്ടിടങ്ങൾ പരിശോധിച്ചിട്ടുള്ളതാണെന്നും പഞ്ചായത്തിന്റെ സ്വന്തം കെട്ടിടങ്ങളായതിനാലാണ് സർട്ടിഫിക്കറ്റ് നൽകാതിരുന്നതെന്നും ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. എല്ലാ അംഗൻവാടികളും വാർഷിക അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിനും മതിയായ സുരക്ഷിതത്വമില്ലാത്തവ മാറ്റി സ്ഥാപിക്കുന്നതിനും അപകടകരമായ അവസ്ഥയിൽ ഉള്ളവയിൽ അദ്ധ്യയനം നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

## 3-15 വിഷുക്കാല പച്ചക്കറി വികസനം - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ.

നിർവ്വഹണം - കൃഷി ഓഫീസർ

ചെലവ് തുക - 8,28,000 (ബിൽ നം. 10/2016-17/ 31.3.2017)

ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് വിഷുക്കാല പച്ചക്കറി വികസനം (പ്രോജക്ട് നം. 213/2017). ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 30 പച്ചക്കറി തൈകളും 7kg ജൈവവളവും വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി മണ്ണഞ്ചേരി സി.ഡി.എസ് കുടുംബശ്രീ ഉല്പാദിപ്പിച്ച 4,14,000/- വിവിധയിനം പച്ചക്കറി തൈകൾ വാങ്ങിയതിന് 4,14,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൊച്ചി എഫ്.എ.സി.റ്റി ഉല്പാദിപ്പിച്ച ജൈവവളം ഓരോ വാർഡിലേയും എ.ഡി.എസ് ഗ്രൂപ്പുകൾ അർജ്ജുൻ ഏജൻസീസ് മുഹമ്മ എന്ന

സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. വളം സബ്സിഡിയിനത്തിൽ ആകെ 4,14,000/- രൂപ എ.ഡി.എസ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. വാർഡുതല എ.ഡി.എസ് ഗ്രൂപ്പുകൾ വഴിയാണ് പച്ചക്കറി തൈകളും വളവും ഓരോ വീടുകളിലും വിതരണം നടത്തിയിട്ടുള്ളത്. ടി പദ്ധതി നടത്തിപ്പിലെ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

a. ടെണ്ടർ ക്ഷണിക്കാതെ വളം വാങ്ങി.

പഞ്ചായത്തിലെ 23 എ.ഡി.എസ് ഗ്രൂപ്പുകൾ മുഖേന പദ്ധതിയ്ക്കായി ആകെ 5,52,000 രൂപയുടെ ജൈവവളം അർജ്ജുൻ ഏജൻസീസിൽ നിന്നും വാങ്ങിയെങ്കിലും ഇതിനായി ടെണ്ടർ നടപടികളൊന്നും പാലിച്ചതായി കാണുന്നില്ല. വിഷുക്കാല പച്ചക്കറി വികസനമെന്ന പദ്ധതിയ്ക്കായി കൊച്ചി എഫ്.എ.സി.ടി. ഉല്പാദിപ്പിക്കുന്ന സിറ്റി കമ്പോസ്റ്റ് എന്ന ജൈവവളമാണ് എഡിഎസ് ഗ്രൂപ്പുകൾ നേരിട്ട് അർജ്ജുൻ ഏജൻസീസിൽ നിന്നും വാങ്ങിയത്. രാസപരിശോധന റിപ്പോർട്ട് പ്രകാരം ടി ജൈവവളത്തിലെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്യം എന്നിവയുടെ അളവ് യഥാക്രമം 0.87%, 0.45%, 0.48% എന്നിങ്ങനെയാണ്. സമഗ്ര പച്ചക്കറി കൃഷിയെന്ന മറ്റൊരു പദ്ധതിയ്ക്കായി (പ്രോജക്ട് നം. 137/2017) ടെണ്ടർ ക്ഷണിച്ചപ്പോൾ ഗുണനിലവാരമില്ലെന്ന പേരിൽ ഒഴിവാക്കിയ ഫാം നീഡ് അഗ്രോ ബയോടെക് പാലക്കാട് എന്ന സ്ഥാപനം ഹാജരാക്കിയ രാസപരിശോധന റിപ്പോർട്ട് പ്രകാരം അവർ വില്പന നടത്തുന്ന വെർമി കമ്പോസ്റ്റെന്ന ജൈവവളത്തിലെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്യം എന്നിവയുടെ അളവ് യഥാക്രമം 1.98%, 1.30%, 1.55% എന്നിങ്ങനെയാണ്. ടി പദ്ധതിയ്ക്കായി റെയ്ഡ്കോയിൽ നിന്നും വാങ്ങിയ പ്ലാന്റോ മീൽ എന്ന ജൈവവളത്തിലെ നൈട്രജൻ, ഫോസ്ഫേസ്, പൊട്ടാഷ്യം എന്നിവയുടെ അളവ് യഥാക്രമം 5.6%, 2.15%, 0.5% ആണ്. വസ്തുത ഇതായിരിക്കെ അർജ്ജുൻ ഏജൻസീസെന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും ഗുണനിലവാരം താരതമ്യേന കുറവായ ഇത്തരമൊരു ജൈവവളം ടെണ്ടർ വിളിക്കാതെ വാങ്ങിയത് ശരിയായ നടപടിയല്ല. കൊച്ചി എഫ്.എ.സി.ടി.യുടെ അംഗീകൃത വിതരണക്കാരാണ് അർജ്ജുൻ ഏജൻസീസ് എന്നും സിറ്റി കമ്പോസ്റ്റ് ഒരു മോശം വളമല്ലെന്നും ചാണകത്തിൽ ടി മൂലകങ്ങളുടെ അളവ് 0.1% ൽ താഴെയാണെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ഗുണനിലവാരമുള്ള ജൈവവളം വാങ്ങി വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

b. പച്ചക്കറി തൈ, വളം വിതരണ വിവരം അപൂർണ്ണം

ഓരോ എ.ഡി.എസ് ഗ്രൂപ്പുകളും 30 എണ്ണം തൈകളും 7kg വളവുമാണ് ഓരോ വീട്ടിലും വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, എ.ഡി.എസ് വാങ്ങിയ വളത്തിന്റെ അളവും വീടുകളിൽ വിതരണം ചെയ്ത വളത്തിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് ഒൻപതാം വാർഡിലേയ്ക്ക് 7kg വീതമുള്ള 566 പായ്ക്കറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും 139 വീടുകളിൽ വിതരണം ചെയ്തതിന്റെ വിവരം മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. അതുപോലെ 23-) വാർഡിലേയ്ക്ക് 7kg വീതമുള്ള 522 പായ്ക്കറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും വിതരണം ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് കേവലം 160 വീടുകളിൽ മാത്രമാണ്. 6, 15 എന്നീ വാർഡുകളിലെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി സബ്സിഡി നിരക്കിൽ വാങ്ങി നൽകിയ വളം പൂർണ്ണമായി വിതരണം ചെയ്യാതിരുന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. ഒരുദിവസം തന്നെ പഞ്ചായത്തിലെ എല്ലാ വീടുകളിലും വിതരണം ചെയ്തപ്പോൾ എല്ലാവരേയുംകൊണ്ട് ഒപ്പിടീക്കുവാൻ വിട്ടുപോയതാണെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ഇത്ര ബൃഹത്തായ ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ അതിന്റെ പ്രയോജനം എല്ലാ കർഷകർക്കും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-16 ഹരിയാലി പദ്ധതി - വർഷങ്ങളായി നിർജ്ജീവമായ ബാങ്ക് അക്കൗണ്ടിൽ

## 31.16 ലക്ഷം ശേഷിക്കുന്നു.

കേന്ദ്രാവിഷ്കൃത നീർത്തട പദ്ധതിയായ ഹരിയാലിയ്ക്കു വേണ്ടി ഗ്രാമപഞ്ചായത്തിലുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, കലവൂർ അക്കൗണ്ട് നം. 30291298827) 4.1.2013 ന ശേഷം പണമിടപാടുകളൊന്നും തന്നെ നടന്നിട്ടില്ല. നാളിതുവരെയുള്ള പലിശ സഹിതം 25.6.2017 ലെ അക്കൗണ്ട് ബാലൻസ് 3116233/- രൂപയാണ്. പദ്ധതിയ്ക്കായി ലഭിച്ച തുക പദ്ധതി പ്രവർത്തനങ്ങൾ നടത്താതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്. ടി തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-17. പൈക്ക - പദ്ധതി നടപ്പാക്കാതെ 7.70 ലക്ഷം രൂപ പാഴാകുന്നു.

ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും കായിക അഭിരുചി വളർത്തി രാജ്യത്തിന്റെ കായിക നിലവാരം ഉയർത്തുന്നതിനായുള്ള പൈക്ക പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ നിന്നും ലഭിച്ച 770000/- രൂപ (ചെക്ക് നം. 857706/9.4.15) 6.5.15 ൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (ഡി.സി.ബി, മണ്ണഞ്ചേരി) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയ്ക്കായി ലഭിച്ച തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/31.7.17) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 2016-17 വർഷം വോളിബോൾ കോർട്ട് നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും ആയത് നടപ്പാക്കുവാൻ സാധിച്ചില്ലായെന്നും അടുത്ത വാർഷിക പദ്ധതിയിലുൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി തുക കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും തുക ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തുകയുടെ തുടർ വിനിയോഗം സംബന്ധിച്ച് സ്പോർട്ട്സ് കൗൺസിലിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.

## 3-18. ഇ.എം.എസ് ഭവന പദ്ധതി- ബാങ്ക് അക്കൗണ്ടിൽ 7.22 ലക്ഷം ചെലവഴിക്കപ്പെടാതെ ശേഷിക്കുന്നു.

വി.ഇ.ഒ. മണ്ണഞ്ചേരി യുടെ പേരിൽ ഇ.എം.എ.സ്. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ (അക്കൗണ്ട് നം. 4032/10/01/002619) 27-3-17ൽ 7,22,283/- രൂപ മിച്ചം കാണുന്നു. ഇതിൽ 156889/- രൂപ പലിശ ഇനത്തിൽ വന്നതും 533024/- രൂപ ഗുണഭോക്താക്കൾ തിരിച്ചടച്ചതുമാണ്. ഗുണഭോക്താക്കൾ തിരിച്ചടച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | തിയതി | തിരിച്ചടച്ച സംഖ്യ | തിരിച്ചടച്ച ആളുടെ പേര് |
|---|---|---|---|
| 1 | 4-9-13 | 109313 | ശ്രീ.നൌഷാദ് |
| 2 | 9-9-13 | 117300 | ശ്രീ.വീനസ് മോൻ |
| 3 | 25-4-14 | 76650 | ശ്രീമതി.ഷാനിദ |
| 4 | 10-9-14 | 112761 | ശ്രീ.പുഷ്പരാജ് |
| 5 | 23-5-15 | 117000 | - |
| | | 533024 | |

ഗുണഭോക്താക്കൾക്ക് ആകെ നൽകിയ തുക, തുക തിരിച്ചടക്കേണ്ട സാഹചര്യം, ഈടാക്കിയ പലിശ, കമ്മറ്റി തീരുമാനം തുടങ്ങിയവ ഹാജരാക്കിയില്ല. മാത്രമല്ല ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഇ.എം.എസ് ഭവന സഹായം നൽകുന്നതിനായി വായ്പയെടുത്തതിൽ ഇനിയും 4968750/- രൂപ തിരിച്ചടക്കുവാനുണ്ടെന്നിരിക്കേ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഇത്രയും തുക നിഷ്ക്രിയമായി സൂക്ഷിക്കാതെ ലോൺ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-19. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് (എസ്.സി) സൈക്കിൾ – പദ്ധതി നടത്തിപ്പിൽ ഏകോപനമില്ല.

പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് (എസ്.സി) സൈക്കിൾ എന്ന പദ്ധതി തൻവർഷം രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി ഓരോരുത്തരും പ്രത്യേകം പ്രത്യേകം ടെണ്ടർ വിളിക്കുകയാണ് ചെയ്തിട്ടുള്ളത്. എച്ച്.എം, ഗവ. യു.പി.എസ് നടപ്പാക്കിയ പദ്ധതിയ്ക്കായി (പ്രോജക്ട്നം 104/2017) ടെണ്ടർ വിളിച്ചതിൽ, കുറഞ്ഞ തുക ക്വോട്ട് ചെയ്ത The Cycles & Motor Traders പത്തനംതിട്ട എന്ന സ്ഥാപനം Hero Gents cycle without dynamo 3995 രൂപയ്ക്കും Hero Gents cycle without dynamo 4190/- രൂപയ്ക്കും വിതരണം ചെയ്തപ്പോൾ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതി (പ്രോജക്ട് നം. 12/2017) പ്രകാരം കുറഞ്ഞ തുക ക്വോട്ട് ചെയ്ത മേലങ്ങാടി ടിമ്പേഴ്സ് എന്ന സ്ഥാപനം Hero Gents cycle without dynamo 3892/- രൂപയ്ക്കും Hero Gents cycle without dynamo 3982/- രൂപയ്ക്കും നൽകുകയുണ്ടായി. പ്രത്യേകം പ്രത്യേകം ടെണ്ടർ വിളിക്കുക വഴി ഒരേ കമ്പനിയുടെ ഒരേ സ്പെസിഫിക്കേഷനിലുള്ള സൈക്കിൾ രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത വിലയ്ക്ക് വാങ്ങേണ്ട സാഹചര്യമുണ്ടായി. പത്രപരസ്യം നൽകി സുതാര്യമായാണ് ടെണ്ടർ ക്ഷണിച്ചതെന്നും ഏജൻസികൾ ടെണ്ടറിൽ രേഖപ്പെടുത്തുന്ന വില സംബന്ധിച്ച് പഞ്ചായത്തിന് നിയന്ത്രണമില്ലാത്ത സാഹചര്യത്തിൽ ലഭ്യമായ ടെണ്ടർ അനുസരിച്ച് തുടർനടപടി സ്വീകരിക്കുകയാണ് ചെയ്തതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രസ്തുത മറുപടി തൃപ്തികരമല്ല. ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിൽ പർച്ചേസിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധിക്കാത്തതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. ഒരേതരത്തിലുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ മേൽ പരാമർശിച്ചതുപോലുള്ള അപാകതകൾ മൂലം അധികച്ചെലവ് ഉണ്ടാകാതിരിക്കുവാൻ കർശനമായി ശ്രദ്ധിക്കേണ്ടതാണ്.

എച്ച്.എം, ഗവ. യു.പി.എസ് നടപ്പാക്കിയ പദ്ധതി പ്രകാരം സൈക്കിൾ കൈപ്പറ്റിയ 29 വിദ്യാർത്ഥികളും പട്ടിക ജാതി വകുപ്പിൽ നിന്നും സൈക്കിൾ ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അർഹതാ രേഖകൾ പൂർണ്ണമായി ഹാജരാക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20. ഊരുകൂട്ടം തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്കായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.ടി വിദ്യാർത്ഥികൾക്ക് മേശ, കസേര (പ്രോജക്ട് നം. 207/17) എന്ന പദ്ധതി പ്രകാരം കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റീൽ മേശയും കസേരയും വാങ്ങി നൽകുന്നതിനായി 6000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം. 37/31.3.17 ). ഇവ ബിനീഷ് കൃഷ്ണ, ഷാരിമ.എസ് എന്നീ വിദ്യാർത്ഥികൾക്കാണ് നൽകിയിരിക്കുന്നത്. ഊരുകൂട്ടത്തിന്റെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി 5.12.2016, 16.2.2017 തീയതികളിൽ നടന്ന ഊരുകൂട്ടയോഗം ഇത്തരമൊരു പദ്ധതിയ്ക്കായി ആരേയും തെരഞ്ഞെടുത്തിട്ടില്ല. ഊരുകൂട്ടം തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയത് അംഗീകരിക്കാവുന്നതല്ല. ഊരുകൂട്ടം അറിഞ്ഞുതന്നെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതതെന്നും ഇതു സംബന്ധിച്ച വിവരം മിനിട്സ് ബുക്കിൽ ചേർക്കുവാൻ വിട്ടുപോയതാണെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. ഇതിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം യഥാസമയം

അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. വാർഷിക കണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

*എ) രസീത് &പെയ്മെന്റ് അക്കൗണ്ട്.*

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വരവ് -ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | 30396991 |
| വരവ് | 101034415 |
| ആകെ | 131431406 |
| ചെലവ് | 87013843 |
| നീക്കിയിരുപ്പ് | 44417563 |

*രസീത് &പെയ്മെന്റ് അക്കൗണ്ടിൽ താഴെ പറയുന്ന പോരായ്മകൾ കാണുന്നു.*

1. 2015-16 വർഷത്തെ നീക്കിബാക്കി 2016/17 വർഷത്തെ പ്രാരംഭബാക്കിയുമായി പൊരുത്തപ്പെടുന്നില്ല

| ബാങ്കിന്റെ പേര് | 2015/16 വർഷത്തെ നീക്കിബാക്കി | 2016/17 വർഷത്തെ പ്രാരംഭബാക്കി |
|---|---|---|
| ADCBതനത് ഫണ്ട് | 4106058 | 4000950 |
| SBI ഹരിയാലി | 2821763 | 2935763 |

2. 2016/17 വർഷത്തെ നീക്കിയിരിപ്പ് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

| ബാങ്കിന്റെ പേര് | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിബാക്കി | പാസ് ബുക്ക് പ്രകാരമുള്ള നീക്കിബാക്കി |
|---|---|---|
| ട്രഷറി സ്പെഷ്യൽ TSB ജോയന്റ് വെഞ്ചർ | 158747 | 458747 |

3. സ്പെഷ്യൽ TSB ജോയന്റ് വെഞ്ചർ പ്രോജക്ടിനായി (RP-31) ബ്ളോക്ക് വിഹിതം 10 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 658747 രൂപയും വന്നിട്ടുണ്ടെങ്കിലും പാസ് ബുക്കിൽ 1158747 രൂപയും ബാങ്ക് ബുക്കിൽ 858747 രൂപയും മാത്രമാണ് കാണുന്നത്.
4. MNREGS പദ്ധതിയുടെ EFMS സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
5. RP-10 പ്രകാരം ഓഡിറ്റ് റിക്കവറി 2276 രൂപയെന്നു കാണുന്നു. ഇത് പരിശോധിക്കുവാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

*ബി) ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്*

| | |
|---|---|
| ആദായം | 188211067 |
| ചെലവ് | 197753201 |
| ഡെഫിസിറ്റ് | 9542134 |

രസീത് &പെയ്മെന്റ്, ഇൻകം എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഇവയിൽ താഴെപറയുന്ന പോരായ്മകൾ കാണുന്നു.

താഴെപറയുന്ന ഫണ്ടുകളുടെ റവന്യൂ ചെലവുകളും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും കൂട്ടിയെടുത്ത തുകയല്ല ആകെ ചെലവ് വന്നിട്ടുള്ളത്.

| ഫണ്ട് ഇനം | റവന്യൂ ചെലവ് (I-6) | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | ആകെ ചെലവ് | (RP-31) പ്രകാരം ആകെ ചെലവ് |
|---|---|---|---|---|
| ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ | 18115748 | 2239806 | 20355554 | 21111912 |
| എസ്.സി.പി. | 3192962 | 199893 | 3392855 | 4811150 |

*സി) <u>ബാലൻസ് ഷീറ്റ്</u>*

സ്ഥാപനത്തിന്റെ 31-3-2017ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 118988154 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 102160537 |
| പഞ്ചായത്ത് ഫണ്ട് | 16827617 |

രസീത് & പെയ്മെന്റ് അകൗണ്ട്, ഇൻകം എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് ഇവ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് ഫണ്ട് മുൻ വർഷ ബാലൻസ് ഷീറ്റിൽ 26475358.70 രൂപ ഉണ്ടായിരുന്നത് തൻ വർഷം 26370250.70 രൂപയെന്ന് കണക്കിലെടുത്തുകൊണ്ടാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്.
2. I-6 പ്രകാരം വസ്തു നികുതി റസിഡൻഷ്യൽ ബിൽഡിംഗ് പിരിക്കേണ്ട തുക 1634024/- രൂപയാണെങ്കിലും പിരിവ് RP-43 പ്രകാരം 2014721/- രൂപയെന്നും ബാലൻസ് ഷീറ്റിൽ (B-15 ) 211445/- രൂപ പിരിക്കാനുണ്ടെന്നും കാണിച്ചിട്ടുണ്ട്.
3. മുൻവർഷ ബാലൻസ് ഷീറ്റിൽ വസ്തു നികുതി റസിഡൻഷ്യൽ ബിൽഡിംഗ് 2174745/- രൂപ പിരിക്കാനുള്ളതായി കാണിച്ചിട്ടുണ്ട് എന്നാൽ അരിയർ ഇനത്തിൽ തൻവർഷം 1443266/- രൂപ പിരിവും ബാക്കി 731479/- രൂപയാണ് പിരിക്കാനുള്ളതെങ്കിലും ബാലൻസ് ഷീറ്റിൽ (B-15) 3676761/-

രൂപ പിരിക്കാനുള്ളതായി കാണിച്ചിട്ടുണ്ട് .

4. വസ്തു നികുതി നോൺ റസിഡൻഷ്യൽ ബിൽഡിംഗ് I-6 പ്രകാരം പിരിക്കേണ്ട തുക 4658232/- രൂപയും പിരിവ് RP-43 പ്രകാരം 756003/- രൂപയും ആണ് ബാലൻസ് വരുന്ന 4583229/- രൂപ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല.
5. RP-43 ൽ മരങ്ങളിൽ നിന്നുള്ള ആദായം 33890/- രൂപയാണ് എന്നാൽ ആകെ ലഭിക്കേണ്ട തുക 41340/- രൂപയാണെന്നാണ് ലേല ഫയലിൽ കാണുന്നത്. ബാക്കി 7450/- രൂപ B-7 ൽ ബാധ്യതയായാണ് കാണിച്ചിട്ടുള്ളത്.
6. ഷീറ്റ് ലേലം വഴി ലഭിച്ച തുക 22500/- രൂപ B-7 ൽ ബാധ്യതയായാണ് കാണിച്ചിട്ടുള്ളത്. വരവ് ഇല്ല.
7. RP-36 ലും, B-9 ലും തൊഴിൽ കരം അഡ്വാൻസ് 37310/- രൂപ കാണിച്ചിട്ടുള്ളത് രജിസ്റ്റർ പ്രകാരം തൻവർഷത്തെ വരവാണ്.
8. D&O അഡ്വാൻസ് വരവ് B-9 പ്രകാരം 17850/- രൂപയാണെങ്കിലും രജിസ്റ്റർ പ്രകാരം ഇത് 4300/- രൂപ മാത്രമേയുള്ളു.
9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓരോ ഇനങ്ങളുടേയും മൂല്യം കൂട്ടിയെഴുതിയിട്ടില്ല. തൻമൂലം ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള ഓരോ ആസ്തികളുടേയും മൂല്യം കൃത്യമാണെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ 59ഭൂമികളാണ് പഞ്ചായത്തിന്റെ ആസ്തിയായി കാണുന്നത്. ഇതിൽ ഒന്നോ രണ്ടോ എണ്ണത്തിന്റെ മൂല്യം തന്നെ രണ്ട് ലക്ഷം രൂപ വരുമെന്നിരിക്കേ ആകെ മൂല്യം ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത് രണ്ട് ലക്ഷം രൂപ മാത്രമാണ്.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ | 200000 | -- |
| | | 300000 | പാടശേഖരം ആഴം കൂട്ടൽ | – | 300000 |
| | | 500000 | പാലിന് സബ്സിഡി | 500000 | -- |
| ജില്ലാ പഞ്ചായത്ത് | | 500000 | പാലിന് സബ്സിഡി | 500000 | -- |
| | | 158747 | ലൈൻ എക്സ്റ്റെൻഷൻ | – | 158747 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 19/3.3.17 | 558093 | - | 558093 |
| | | 10/15.11.16 | 198265 | - | 198265 |
| | | 41/30.3.17 | 182535 | - | 182535 |
| | | 15/21.11.16 | 1235760 | - | 1235760 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാ) നം. 318/2010 ത.സ്വ.ഭ.വ, 28.1.2010 | 21562500 | 7125000 | 2156250 | - | 4968750 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5755/- രൂപയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2015-16 | 2-3 | 2500 | മാനേജർ, ഫെഡറൽ ബാങ്ക് | 11605400015/ |
| | | 2950 | മാനേജർ, എസ്.ബി.ഐ | 11605104902/ |

| | | | | |
|---|---|---|---|---|
| | | 305 | ശ്രീ.ഗോപാലകൃഷ്ണൻ | 117010100811 |
| ആകെ | | 5755 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101034415 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87013843 |
| വരവിനങ്ങളിലുള്ള നഷ്ടം | 11644 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5556 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3433195 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10744 | | ശ്രീ.സി.കെ.ഷിബു, സെക്രട്ടറി |
| 2-2 | 900 | | ശ്രീ.സി.കെ.ഷിബു, സെക്രട്ടറി |
| 3-6 | | 3000 | ശ്രീ.എം.എൻ.ഹരിചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-7 | | 2556 | |
| ആകെ | 11644 | 5556 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50000 | ശ്രീ. വേണു. പി. ജി, എച്ച്. എം. യു.പി.എസ്, തമ്പകച്ചുവട് |
| 3-3 | 23150 | |
| 3-4 | 399600 | ശ്രീമതി. റെജി. ജി. വി, കൃഷി ഓഫീസർ |
| 3-5(1) | 1418295 | ശ്രീമതി. ജയ. പി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5(2) | 756358 | ശ്രീ. സി. കെ. ഷിബു, സെക്രട്ടറി |
| 3-10 | 265792 | ഡോ. ജയേഷ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-11 | 300000 | ഡോ.സുരേഷ് പണിക്കർ, വെറ്ററിനറി സർജൻ |
| 3-12 | 200000 | ശ്രീ.സി.കെ.ഷിബു, സെക്രട്ടറി |
| 3-13 | 20000 | |
| ആകെ | 3433195 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-3 മൂല്യ വർദ്ധിത നികുതി 1015/- ശ്രീ.സി.കെ.ഷിബു, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.കെ.ഷിബു, സെക്രട്ടറി | സെക്രട്ടറി,<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ചിറയിൽ,<br>തത്തംപള്ളി.പി.ഒ, ആലപ്പുഴ |
| ശ്രീ.വേണു.പി.ജി,<br>എച്ച്.എം. യു.പി.എസ്,തമ്പകച്ചുവട് | എച്ച്.എം, യു.പി.എസ്,<br>തമ്പകച്ചുവട് | പേനത്തുവെളി,<br>മണ്ണഞ്ചേരി, ആലപ്പുഴ |
| ശ്രീമതി. റെജി. ജി. വി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | മുളയ്ക്കൽ,<br>പള്ളിപ്പുറം.പി.ഒ, ആലപ്പുഴ |
| ശ്രീമതി.ജയ.പി,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ജയപ്രിയ,<br>കലവൂർ.പി.ഒ, ആലപ്പുഴ |
| ശ്രീ.എം.എൻ. ഹരിചന്ദ്രൻ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ശ്രീനിലയം,<br>പള്ളിപ്പുറം.പി.ഒ, ചേർത്തല |
| ഡോ.ജയേഷ്,<br>മെഡിക്കൽ<br>ഓഫീസർ,ആയൂർവേദം | മെഡിക്കൽ ഓഫീസർ,<br>ആയൂർവേദം,<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | അമൃതം,<br>സനാതനപുരം.പി.ഒ,<br>കളർകോട്, ആലപ്പുഴ |
| ഡോ.സുരേഷ് പണിക്കർ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ആനന്ദനിവാസ്,<br>സി.എം.സി-16,<br>മരുത്തോർവട്ടം.പി.ഒ,<br>ചേർത്തല |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 96-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.1-1832/11/30.01.12 |
| 2006-2007 | എൽ.എഫ്.ജി. എ.16-292/10/20.08.10/30.10.10 |
| 2007-2008 | എൽ.എഫ്.ജി.എ.16-293/10/20.08.10/30.10.10 |
| 2008-2009 | എൽ.എഫ്.ജി.എ.പി.9-1220/11/16.04.12/09.07.12 |
| 2009-2010 | എൽ.എഫ്.ജി.എ.പി.9-1221/11/16.04.12/09.07.12 |
| 2010-2011 | എൽ.എഫ്.ജി.എ.പി.9-1066/12/11.12.12/09.07.12 |
| 2011-2012 | എൽ.എഫ്.ജി.എ.പി.9-340/14/29.04.14/12.06.14 |
| 2012-2013 | കെ.എസ്.എ.എ.പി.ഇസെഡ്-പി9/1037/15/1.9.15 |
| 2013-2014 | |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.13-781/16/15.7.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി.3-1331/16/17.11.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി13-1049/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.

തീയതി. 05.08.2017

## *ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P13-1049/17

Kerala State Audit Department,

District Audit Office,Alappuzha.

Date: 05.08.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Mannancherry Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Mannancherry Grama panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha